Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2018/1515-6(17) തീയതി : 16.11.2018

## സർക്കുലർ

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് DSLR Camera ലഭ്യമാക്കുന്നതിനും അതിന്റെ ഉപയോഗവും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന : - 1. സ. ഉ(സാധാ) നം. 3732/16/പൊ.വി.വ തീയതി 07.11.2016.
2. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.
3. കൈറ്റ് വൈസ് ചെയർമാന്റെ 19.01.2018-ലെ KITE/2018/1515-6(3) നമ്പർ സർക്കുലർ.
4. ഈ ഓഫീസിലെ 17.01.2018 ലെ KITE/2018/1515-6(1) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് DSLR Camera ലഭ്യമാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. സ്കൂളുകളിൽ നടക്കുന്ന പൊതുപരിപാടികൾ, 'കൈറ്റ് വിക്ടേഴ്സ്' വിദ്യാഭ്യാസ ചാനലിനു വേണ്ടി വാർത്തകൾ തയ്യാറാക്കൽ, കുട്ടികളുടെ ടെലിഫിലിമുകൾ തയ്യാറാക്കൽ, തുടങ്ങി സ്കൂളിന്റെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് Camera ലഭ്യമാക്കുന്നത്. ഡിജിറ്റൽ വിദ്യാഭ്യാസ വിഭവങ്ങൾ തയ്യാറാക്കൽ, സ്കൂൾ വിക്കിയിലേക്ക് ഫോട്ടോ, വീഡിയോ എന്നിവ തയ്യാറാക്കൽ തുടങ്ങി സ്കൂളിന്റെ പൊതുവായ ആവശ്യങ്ങൾക്കാണ് ക്യാമറ ഉപയോഗിക്കേണ്ടത്. സ്വകാര്യ പരിപാടികൾ, വിദ്യാഭ്യാസ ഇതര പരിപാടികൾ തുടങ്ങിയവയ്ക്ക് ക്യാമറ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ല. കൈറ്റ് ജില്ലാ ഓഫീസുകൾ മുഖേന സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ക്യാമറയുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. Canon കമ്പനിയുടെ EOS 1500D ക്യാമറ ലഭ്യമാക്കുന്ന സ്കൂളുകളുടെ പട്ടിക കൈറ്റിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. സ്കൂൾ പ്രഥമാധ്യാപകർ കൈറ്റ് ജില്ലാ ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് ക്യാമറ കൈപ്പറ്റി രസീത് നൽകേണ്ടതാണ്.
2. സ്കൂളുകൾക്ക് നൽകുന്ന Camera യുടെ ഉപയോഗവും പരിപാലനവും സംബന്ധിച്ച പരിശീലനം കൈറ്റിന്റെ ജില്ലാ ഓഫീസിൽ നടത്തേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച വീഡിയോ ട്യൂട്ടോറിയൽ സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണ്.
3. ഓരോ സ്കൂളിനും ലഭിക്കുന്ന ക്യാമറ വിതരണകേന്ദ്രത്തിൽനിന്നും കൊണ്ടുപോകുന്നതിനുമുൻപ് യാതൊരുവിധ ഫിസിക്കൽ ഡാമേജും ഇല്ലായെന്ന് സ്കൂൾ അധികൃതർ പരിശോധിച്ചുറപ്പാക്കേണ്ടതാണ്.
4. വിതരണ കൗണ്ടറിൽ നിന്നും തിരിച്ചുപോകുന്നതിനു മുൻപ് ക്യാമറയോടൊപ്പമുള്ള എല്ലാ ഘടകങ്ങളും ലഭിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അനുബന്ധ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- Camera body
- Camera lens
- 32 GB SD Card Class 10
- USB Data cable
- Battery
- Battery charger
- Tripod
- Carrycase
- Camera strip
- User manual

5. സ്റ്റോക്ക് രജിസ്റ്ററിൽ ക്യാമറയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രഥമാധ്യപകൻ ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.
6. ക്യാമറ സ്കൂളിന് പൊതുവായി നൽകുന്നതായതിനാൽ ഏത് ക്ലാസിലെ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ഇതിന്റെ ഉപയോഗം പ്രഥമാധ്യാപകർ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്.

VICTERS The Complete Educational Channel victers.itschool.gov.in
Poojappura P.O. Thiruvananthapuram 695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in
www.kite.kerala.gov.in
(CIN : U74999KL2017NPL049848)

7. ക്യാമറ ഉപയോഗം സംബന്ധിച്ചും സ്കൂളുകളിൽ നിന്നും ഡിജിറ്റൽ ഉള്ളടക്കം അപ്‌ലോഡ് ചെയ്യുന്നത് സംബന്ധിച്ചും പൊതുനിർദ്ദേശങ്ങൾ കൈറ്റ് നൽകുന്നതാണ്.
8. പഠനയാത്ര ഉൾപ്പെടെ ഔദ്യോഗികവും അക്കാദമിക് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതുമായ ആവശ്യങ്ങൾക്ക് ക്യാമറ സ്കൂളിന് പുറത്ത് കൊണ്ടു പോകുന്ന സാഹചര്യങ്ങളിൽ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
9. സ്കൂളുകളിൽ ഫലപ്രദമായി ക്യാമറ (ഐ.ടി ഉപകരണങ്ങൾ) ഉപയോഗിക്കാത്ത പക്ഷവും ദുരുപയോഗം ചെയ്യുന്ന പക്ഷവും സൂചന 2-ലെ വ്യവസ്ഥകൾ അനുസരിച്ച് കൈറ്റ്/വിദ്യാഭ്യാസ വകുപ്പ് ഇവ തിരികെ എടുക്കുന്നതാണ്.

**<u>ക്യാമറ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

- ക്യാമറ വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ടതും ആദ്യമായി ഉപയോഗിക്കുന്നതിനു മുമ്പ് തുടർച്ചയായി ആറു മണിക്കൂർ ചാർജ് ചെയ്യേണ്ടതുമാണ്.
- മെമ്മറി കാർഡ്, ബാറ്ററി, ലെൻസ് ഇവ ക്യാമറയിൽ നിന്ന് വേർപെടുത്തുന്നതിനു മുമ്പ് ക്യാമറ ഓഫ് ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ക്യാമറ ഉപയോഗിക്കാത്ത അവസരങ്ങളിൽ ബാറ്ററി ക്യാമറയിൽ നിന്നും വേർപെടുത്തി സൂക്ഷിക്കേണ്ടതാണ്.
- ക്യാമറയിൽ പൊടി, ഉപ്പ്, മണൽ, എണ്ണമയമുള്ള വസ്തുക്കൾ, ഈർപ്പം തുടങ്ങിയവയുടെ സാന്നിദ്ധ്യം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.
- ക്യാമറയുടെ ലെൻസ് വൃത്തിയായി സൂക്ഷിക്കുക. ലെൻസ് വൃത്തിയാക്കുന്നതിന് Soft clothes/Micro fiber എന്നിവ മാത്രം ഉപയോഗിക്കേണ്ടതാണ്.
- ക്യാമറയും ക്യാമറയുടെ ഘടകങ്ങളും കാന്തിക വലയം ഉള്ള സ്ഥലങ്ങളിൽ സൂക്ഷിക്കരുത്.
- കെമിക്കലുകൾ സൂക്ഷിക്കുന്ന ലാബുകളിലും, ഈർപ്പം ധാരാളമായി തങ്ങിനിൽക്കാൻ സാധ്യതയുള്ള ഇടങ്ങളിലും ക്യാമറ സൂക്ഷിക്കരുത്.
- ക്യാമറ ബാഗിനുള്ളിൽ സിലിക്ക ജെല്ലുകൾ വയ്ക്കുന്നത് ഈർപ്പത്തിൽ നിന്ന് ക്യാമറയെ സംരക്ഷിക്കാൻ കഴിയും.
- കൂടുതൽ വിവരങ്ങൾക്ക് വീഡിയോ കൃത്യമായി വീക്ഷിക്കുക

10. സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന DSLR Camera ക്ക് അഞ്ച് വർഷത്തെ ഓൺസൈറ്റ് വാറണ്ടിയുണ്ട്. അതിനാൽ ഉപകരണത്തിന് കേടുപാട് സംഭവിച്ചാൽ kite.kerala.gov.in/support എന്ന വെബ് സൈറ്റിൽ ഉടൻതന്നെ complaint രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിന് ഏതെങ്കിലും വിധത്തിൽ പ്രയാസം നേരിട്ടാൽ 1800 425 6200 എന്ന ടോൾഫ്രീ നമ്പരിൽ അറിയിച്ച് complaint രജിസ്റ്റർ ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ അതത് സ്കൂളുകൾ സ്വീകരിക്കേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
എല്ലാ ആർ.ഡി.ഡി./എ.ഡി. മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ